പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2752 28-10-2026-ൽ മറുപടിയ്ക്ക്

കുടിവെള്ള ചോർച്ച

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. വി. ജോയി

ശ്രീ. പി. മമ്മിക്കുട്ടി

ശ്രീ. പി. കെ. പ്രവീൺ

ശ്രീമതി ഒ. എസ്. അംബിക

മറുപടി നൽകിയ മന്ത്രി

ശ്രീ. മോൻസ് ജോസഫ്

(ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി)

(എ) ജല അതോറിറ്റി വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ഗണ്യമായ ഭാഗം ചോർച്ചയിലൂടെ നഷ്ടപ്പെടുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

മറുപടി: ഉണ്ട്.

കാലപ്പഴക്കം ചെന്ന പൈപ്പുകളുടെ തേയ്മാനവും കേടുപാടുകളും മൂലമുണ്ടാകുന്ന ചോർച്ചകൾ സമയബന്ധിതമായി പരിഹരിച്ച് ജലനഷ്ടം കുറയ്ക്കുന്നതിനും ജലവിതരണ ശൃംഖല മെച്ചപ്പെടുത്തുന്നതിനും ജല അതോറിറ്റി നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) കുടിവെള്ള ചോർച്ച പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

മറുപടി: കുടിവെള്ള ചോർച്ച പരിഹരിക്കുന്നതിനായി അർബൻ അഗ്ലോമറേഷൻ, കോർപ്പറേഷൻ ഡെപ്പോസിറ്റ് പ്രവൃത്തികൾ, MLA-SDF, MLA-ADF, സ്റ്റേറ്റ് പ്ലാൻ, AMRUT, KIIFB, ജൽ ജീവൻ മിഷൻ തുടങ്ങിയ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി കാലപ്പഴക്കം ചെന്ന പൈപ്പുകൾ മാറ്റി PVC, DI തുടങ്ങിയ പുതിയ പൈപ്പുകൾ സ്ഥാപിക്കുന്ന പ്രവൃത്തികൾ നടന്നുവരുന്നു. കൊച്ചി കോർപ്പറേഷൻ പരിധിയിൽ ADB സഹായത്തോടെയുള്ള പൈപ്പ് ലൈൻ നവീകരണ പ്രവൃത്തിയും നടപ്പിലാക്കിവരുന്നു. ഈ പ്രവൃത്തികൾ പൂർത്തിയാകുന്നതോടെ പൈപ്പ് പൊട്ടലും അതുവഴിയുള്ള ജലനഷ്ടവും കുറയ്ക്കാൻ സാധിക്കും.

കുടിവെള്ള ചോർച്ച ശ്രദ്ധയിൽപ്പെട്ടാലുടൻ ബന്ധപ്പെട്ട വാൽവുകൾ നിയന്ത്രിച്ച് ജലനഷ്ടം പരമാവധി കുറയ്ക്കുകയും അറ്റകുറ്റപ്പണികൾക്കായുള്ള കരാറുകൾ

മുഖേനയോ ബ്ലൂ ബ്രിഗേഡ് സംവിധാനം വഴിയോ അടിയന്തര അറ്റകുറ്റപ്പണികൾ നടത്തുകയും ചെയ്തുവരുന്നു.

(സി) മിക്കയിടങ്ങളിലും മാസങ്ങളോളം ചോർച്ച ഉണ്ടായിട്ടും അത് പരിഹരിക്കാൻ സത്വര നടപടി സ്വീകരിക്കാത്തതുമൂലം ജല അതോറിറ്റിക്ക് സാമ്പത്തികനഷ്ടവും അതോടൊപ്പം കുടിവെള്ളം നഷ്ടമാകുന്നതും ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ;

മറുപടി: കുടിവെള്ള ചോർച്ച ശ്രദ്ധയിൽപ്പെട്ടാലുടൻ വാൽവുകൾ നിയന്ത്രിച്ച് ജലനഷ്ടം കുറയ്ക്കുകയും കരാർ സംവിധാനങ്ങൾ മുഖേനയോ ബ്ലൂ ബ്രിഗേഡ് സംവിധാനം വഴിയോ അടിയന്തര അറ്റകുറ്റപ്പണികൾ നടത്തുകയും ചെയ്യുന്നു. എന്നാൽ, റോഡ് കട്ടിംഗിനുള്ള അനുമതിയിലെ കാലതാമസം, കാലപ്പഴക്കം ചെന്ന പൈപ്പുകളുടെ പൊട്ടൽ, ചോർച്ചയുടെ ഉറവിടം കണ്ടെത്തുന്നതിനുള്ള സാങ്കേതിക ബുദ്ധിമുട്ടുകൾ എന്നിവ ചിലപ്പോൾ പരിഹാരം വൈകാൻ ഇടയാക്കുന്നു. ഇത്തരം സാഹചര്യങ്ങളിലും ജലനഷ്ടവും സാമ്പത്തിക നഷ്ടവും കുറച്ച് അറ്റകുറ്റപ്പണികൾ വേഗത്തിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) കുടിവെള്ള പൈപ്പുകളിലെ ചോർച്ച കണ്ടെത്തി യഥാസമയം അവ പരിഹരിക്കുന്നതിന് ശാസ്ത്രീയമായ മാർഗ്ഗങ്ങൾ അവലംബിക്കുമോ; വിശദമാക്കാമോ?

മറുപടി: കുടിവെള്ള പൈപ്പുകളിലെ ചോർച്ചയും പൊട്ടലും കണ്ടെത്താൻ അക്കൗസ്റ്റിക് ലീക്ക് ഡിറ്റക്ഷൻ ഉൾപ്പെടെയുള്ള ആധുനിക സാങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്തിവരുന്നു. ചോർച്ചയുടെ ഉറവിടം കണ്ടെത്താൻ പ്രയാസമുള്ളിടത്ത് ഇത്തരം ഉപകരണങ്ങൾ ഉപയോഗിച്ച് പരിശോധന നടത്തുകയും 24 മണിക്കൂറും പ്രവർത്തിക്കുന്ന ബ്ലൂ ബ്രിഗേഡ് സംവിധാനവും റണ്ണിംഗ് കോൺട്രാക്ട് മുഖേനയുള്ള അറ്റകുറ്റപ്പണികളും ഉപയോഗപ്പെടുത്തി ചോർച്ചകൾ വേഗത്തിൽ പരിഹരിച്ച് ജലനഷ്ടം പരമാവധി കുറയ്ക്കുകയും ചെയ്യുന്നു.

സെക്ഷൻ ഓഫീസർ